പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2213

04.11.2019 -ൽ മറുപടിക്ക്

## വിശപ്പുരഹിത കേരളം പദ്ധതി

| ചോദ്യം<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| **(എ)** 2017-ൽ സർക്കാർ ആവിഷ്കരിച്ച വിശപ്പ് രഹിത കേരളം പദ്ധതി ലക്ഷ്യം കണ്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | **(എ)** വിശപ്പ് രഹിത കേരളം പദ്ധതി ലക്ഷ്യം കണ്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുകയും തൃശ്ശൂർ, പത്തനംതിട്ട, കോട്ടയം, കൊല്ലം ജില്ലകളിൽ കൂടി ടി പദ്ധതി ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| **(ബി)** ആശ്രയവും വരുമാനവുമില്ലാത്തവർക്ക് സൗജന്യമായും അർഹരായ മറ്റുള്ളവർക്ക് സൗജന്യ നിരക്കിലും ദിവസം ഒരു നേരത്തെ ഭക്ഷണം നൽകുന്നതിന് സർക്കാർ ആവിഷ്കരിച്ചതായിരുന്നോ ഈ പദ്ധതിയെന്നറിയിക്കാമോ ; | **(ബി)** ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ നല്കുക വഴി സമൂഹത്തിൽ നിന്നു വിശപ്പ് ഇല്ലാതാക്കുകയെന്നതാണ് വിശപ്പ് രഹിത കേരളം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് . |
| **(സി)** ഫണ്ടിന്റെ അഭാവവും ഉദ്യോഗസ്ഥ തലത്തിലെ വീഴ്ചകളും പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുമെന്ന സർക്കാർ പ്രഖ്യാപനത്തെ തകിടം മറിക്കുകയുണ്ടായോ; വിശദമാക്കാമോ? | **(സി)** ഇല്ല. ആലപ്പുഴ ജില്ലയിൽ ആരംഭിച്ച വിശപ്പ് രഹിത കേരളം പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, കോട്ടയം, കൊല്ലം ജില്ലകളെ കൂടി ഉൾപ്പെടുത്തി വിപുലീകരിച്ചിട്ടുണ്ട്. ഈ മേഖലയിൽ പ്രവർത്തി പരിചയമുള്ള സർക്കാർ/സർക്കാരിതര സന്നദ്ധ സംഘടനകളുടെ സഹകരണത്തോടു കൂടി നടപ്പാക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ